പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4735

18.12.2014 ൽ
മറുപടി നൽകേണ്ടിയിരുന്നത്

## നിലം നികത്തുന്നതിനു ജില്ലാ സമിതിയുടെ അംഗീകാരമില്ലാതെ അനുമതി

ചോദ്യം
ശ്രീ.മാത്യു റ്റി.തോമസ്:

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ബി.ടി.ആറിൽ നിലം എന്നു രേഖപ്പെടുത്തിയിരിക്കുന്ന ഭൂമി നികത്തുന്നതിനു ജില്ലാ സമിതിയുടെ അംഗീകാരമില്ലാതെ അനുമതി നൽകുവാൻ ആർ. ഡി. ഒ. യ്ക്ക് അധികാരം ഉണ്ടോ; | (എ) | ഉണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്കിൽ നിലമായി ഉൾപ്പെട്ട ഭൂമിയാണെങ്കിൽ മാത്രമേ ജില്ലാതല സമിതിയുടെ പരിധിയിൽ ഉൾപ്പെടുകയുള്ളൂ. മറിച്ചാണെങ്കിൽ വിഷയം 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവിന്റെ പരിധിയിൽ വരുകയും ടി സാഹചര്യത്തിൽ അനുമതി നൽകുന്നതിന് പ്രസ്തുത ഉത്തരവിന്റെ ആറാം വകുപ്പ് അനുസരിച്ച് ആർ.ഡി.ഒ.യ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. |
| (ബി) | തിരുവല്ല താലൂക്കിൽ കാവുംഭാഗം വില്ലേജിൽ വൻതോതിൽ നിലം നികത്തുവാൻ ആർ.ഡി.ഒ. ഉത്തരവ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി റോഡ് നിരപ്പിൽ നിന്ന് താഴ്ന്ന് കിടക്കുന്ന ഭാഗങ്ങൾ നിരപ്പാക്കുന്നതിന് തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (സി) | ഇക്കാര്യത്തിൽ നൽകിയ നിബന്ധനകൾ നിലം ഉടമ ലംഘിച്ച സാഹചര്യത്തിൽ നിലം നിരപ്പാക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | ഉണ്ട്. പരാതി സമർപ്പിച്ച ശ്രീ.ജോസഫ് ജോണിന് കാര്യങ്ങൾ വിശദീകരിച്ച് ഇതിനോടകം മറുപടി നൽകിയിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |